"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ഇൻഫർമേഷൻ കേരള മിഷൻ 2024-2025 വർഷത്തെ പ്ലാൻ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി മൂന്നര കോടി രൂപ - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഇ ജി) വകുപ്പ്**

സ.ഉ.(സാധാ) നം.826/2025/LSGD തീയതി,തിരുവനന്തപുരം, 27-03-2025

പരാമർശം:-

1. 25-07-2024 തീയതിയിലെ സ.ഉ.(സാധാ) നം.1343/2024/ത.സ്വ.ഭ.വ ഉത്തരവ്.
2. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02/09/2024 ലെ IKM Plan1/2185/2023 നമ്പർ കത്ത്.
3. 31/01/2025 ലെ സ.ഉ.(സാധാ) നം.304/2025/ത.സ്വ.ഭ.വ ഉത്തരവ്.
4. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14/02/2025 ലെ 1085-P2-2024-IKM നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ 2024-25 സാമ്പത്തിക വർഷം Strengthening of local governance through Information communication Technology എന്ന സ്ക്രീമിൽ 2515-00-001-85-99 (P) എന്ന ശീർഷകത്തിൽ 9 കോടി രൂപയുടെ പദ്ധതിവിഹിതത്തിനുള്ള ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ പരാമർശം (3) ഉത്തരവ് പ്രകാരം 9 കോടി വിഹിതത്തിന് ഭരണാനുമതി നൽകിയ ഉത്തരവിലെ തുക 4.5 കോടി രൂപയാക്കി ഭേദഗതി വരുത്തുകയുണ്ടായി . ഇൻഫർമേഷൻ കേരള മിഷന്റെ സാമ്പത്തിക സ്ഥിതി വളരെ പരിതാപകരമായതിനാൽ 2024-25 വർഷത്തെ പ്ലാൻ - പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും കൂടാതെ ഓഫീസിലെ ദൈനദിന പ്രവർത്തനങ്ങൾ നടത്തുന്നതിനും വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുകയാണ്. ഈ സാഹചര്യത്തിൽ ഭേദഗതി വരുത്തിയ പ്ലാൻ ഫണ്ട് തുകയിൽ നിന്ന് 2024-25 വർഷം അനുവദിച്ചിരുന്ന ഒരു കോടി രൂപ കഴിച്ച് ബാക്കി തുകയായ 3.5 കോടി രൂപ അടിയന്തിരമായി ലഭ്യമാക്കണമെന്ന് പരാമർശം (4) പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഫർമേഷൻ കേരള മിഷൻ 2024-2025 വർഷത്തെ പ്ലാൻ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 3.5 കോടി രൂപ "2515-00-001-85-99(P)" ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

1. മെമ്പർഷിപ്പ് ഫീസ് ഇനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുക ഇൻഫർമേഷൻ കേരള മിഷന്റെ ആവശ്യങ്ങൾക്കായി വിനിയോഗിച്ചത് പദ്ധതി വിഹിതം ലഭിക്കുന്ന മുറയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

2. അടുത്ത തവണ ഇൻഫർമേഷൻ കേരള മിഷനുള്ള പദ്ധതി വിഹിതത്തിന് ശിപാർശ ലഭ്യമാക്കുന്നതിനൊപ്പം തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും മെമ്പർഷിപ്പ് ഫീസ് ഇനത്തിൽ ലഭിച്ച തുക സംബന്ധിച്ച വിശദമായ കണക്കുകൾ [ ആകെ ലഭിച്ചത്, ട്രഷറിയിൽ സ്ഥിരനിക്ഷേപമായി മാറ്റിയത്, ഇതിൽ നിന്നും പിൻവലിച്ച് വിനിയോഗിച്ചത്, നിലവിൽ ബാലൻസ് ഉള്ളത്, സർക്കാരിലേയ്ക്ക് ഒടുക്കേണ്ടിയിരുന്നത്, ഇത് വരെ സർക്കാരിൽ ഒടുക്കിയത്, ഇനി ഒടുക്കുവാൻ ബാക്കിയുള്ളത്, മുതലായവ] ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിത റ്റി.ആർ
ഡെപ്യൂട്ടി സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷൻ തിരുവനന്തപുരം
ട്രഷറി ഡയറക്ടർ. തിരുവനന്തപുരം
ട്രഷറി ഓഫീസർ, സബ് ട്രഷറി , വെള്ളയമ്പലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-EG1/214/2024/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Manikkuttan R
Date: 27-03-2025 14:39:39
സെക്ഷൻ ഓഫീസർ

പകർപ്പുകൾ
തദ്ദേശ സ്വയം ഭരണ ,എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്.